LIBRARY ARCHIVES Kerala Legislative Assembly

നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ

255 (4299) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി ഹെൽപ്പർ, വർക്കർ തസ്തികകളിലേക്ക് നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് നിയമിക്കപ്പെടുന്നതിന് സെലക്ഷൻ ലിസ്റ്റ് നിലവിലുള്ളപ്പോൾ വിരമിച്ച ജീവനക്കാരെത്തന്നെ നിയമിക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സെലക്ഷൻ ലിസ്റ്റ് നിലവിലുള്ളപ്പോൾ വിരമിച്ച ജീവനക്കാരെത്തന്നെ കോടതിയുടെ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ; സെലക്ഷൻ ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിയമനം നൽകി ഉടനെ പിരിച്ചുവിടുകയും വിരമിച്ച ജീവനക്കാരെ നിയമിക്കുകയും ചെയ്തതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) അംഗൻവാടി വർക്കർ, ഹെൽപ്പർ തസ്തികകളിലേക്ക് നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ നിഷ്കർഷിച്ച് ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. 22-10-2008-ലെ സ.ഉ.(എംഎസ്.) നമ്പർ 58/2008/സാക്ഷേവ.
2. 30-1-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 05/2012/സാക്ഷേവ.
3. 22-12-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 74/2012/സാനീവ.
4. 1-2-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 10/2013/സാനീവ.
5. 7-6-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 46/2013/സാനീവ.

പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഡബ്ല്യു.എ. നമ്പർ 1479, 1465, 1571, 1528, 1460, 1459/2010 എന്നീ കേസ്സുകളിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 29-10-2010-ലെ ഉത്തരവ് പ്രകാരം അംഗൻവാടി ജീവനക്കാർ വിരമിക്കുന്ന ഒഴിവിൽ സ്ഥിരനിയമനം നടത്തുന്നതുവരെ താല്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുപകരം വിരമിച്ച ജീവനക്കാർ ശാരീരികവും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാനസികവുമായി ജോലി ചെയ്യാൻ ശേഷിയുള്ളവരാണെങ്കിൽ പ്രസ്തുത ജീവനക്കാരെത്തന്നെ നിയോഗിക്കേണ്ടതാണെന്ന് ബഹു. കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സംസ്ഥാന വനിതാ കമ്മീഷൻ സുവോമോട്ടോ അന്വേഷിച്ച പരാതികൾ

256 (4300) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സംസ്ഥാന വനിതാ കമ്മീഷൻ സ്വമേധയ എത്ര പരാതികൾ അന്വേഷിച്ചെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും ഇതിൽ എത്ര കേസ്സുകൾ തീർപ്പു കൽപ്പിച്ചെന്നും വർഷം തിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) സംസ്ഥാന വനിതാ കമ്മീഷൻ 2011 മുതൽ വർഷംപ്രതി എത്ര പരാതികൾ ലഭ്യമായിട്ടുണ്ടെന്നും അതിൽ ഇതിനകം എത്ര പരാതികളിൽ തീർപ്പുകൽപ്പിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ശ്രീമതി ജോളി കെ. ജോർജിന് അർഹതപ്പെട്ട ഗ്രേഡ് ആനുകൂല്യം

257 (4301) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 14-2-1990-ൽ സാമൂഹ്യനീതിവകുപ്പിൽ സി.ഡി.പി.ഒ. ആയി സർവ്വീസിൽനിന്ന് വിരമിച്ച ശ്രീമതി ജോളി കെ. ജോർജിന് (ചുമലപ്പറമ്പിൽ, വെള്ളരിക്കുണ്ട്) അർഹതയുള്ള ഗ്രേഡ് ആനുകൂല്യം നൽകണമെന്ന് ആവശ്യപ്പെട്ട് 23-3-2015-ൽ വകുപ്പ് മന്ത്രിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പേ-റിവിഷൻ പ്രകാരവും കെ.എസ്.ആർ. പ്രകാരവും ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ അവ വിശദമാക്കുമോ ;

(സി) തടസ്സങ്ങൾ ഇല്ലെങ്കിൽ ശ്രീമതി ജോളി കെ. ജോർജിന് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly